പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. T2338 — 18.12.2012- ലെ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പു മന്ത്രി |

പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ജീവനക്കാരുടെ ശമ്പളം

| | | |
| --- | --- | --- |
| (എ) | പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം യഥാസമയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മറ്റു വകുപ്പുകളിലെ ജീവനക്കാരുടെ ശമ്പള തീയതിക്കു തന്നെ ഇവർക്കും ശമ്പളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അവരുടെ തനത് ഫണ്ടിൽ നിന്നും, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുമാണ് നൽകിവരുന്നത്. നഗരസഭാ ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലെ ജീവനക്കാരുടെ ശമ്പള തീയതിയ്ക്ക് തന്നെ ശമ്പളം നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നഗരകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. 2011-12 വർഷത്തിൽ തനത് ഫണ്ട് കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി 'ഗ്യാപ്പ് ഫണ്ട്' അനുവദിച്ചു നൽകിയിട്ടുണ്ട്. ശമ്പളം നൽകുന്നതിന് തനത് ഫണ്ട് കുറവാണെങ്കിൽ ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ